"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - വൈക്കം ഭാഗ്യക്കുറി സബ് ഓഫീസ് പ്രവർത്തിക്കുന്നതിന് വാടകയ്ക്ക് എടുത്തിട്ടുള്ള കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനസജ്ജമാക്കുന്നതിനാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.**535/2025/TAXES** തീയതി,തിരുവനന്തപുരം, **09-06-2025**

---

പരാമർശം:-
1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ **20/12/2023**-ലെ **SLTY/3838/2023-MOD INFRA1 SL** നമ്പർ കത്ത്
2. **29.11.2024**-ലെ **TAXES-H1/336/2023-TAXES** നമ്പർ കത്ത്
3. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ **18/01/2025** ലെ **SLTY/3838/2023-MOD INFRA1 SL** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വൈക്കം സബ് ഭാഗ്യക്കുറി ഓഫീസിന്റെ പ്രവർത്തനത്തിന് വാടകയ്ക്കെടുത്ത കെട്ടിടം നവീകരിക്കുന്നതിനായി ₹**12,47,000/-** യുടെ ശിപാർശ അംഗീകരിച്ച് വർക്ക് ഓർഡർ നൽകുന്നതിനും ടി ഇനത്തിലുള്ള ചെലവ് '**2075-00-103-94-17 objects**' എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2) നിലവിൽ പ്രവർത്തിക്കുന്ന ഓഫീസ് മറ്റൊരു സ്ഥാപനത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന സാഹചര്യത്തിൽ ഫർണിച്ചർ പർച്ചേയ്സ് ഒഴിവാക്കിയും ഇന്റീരിയർ ഫർണിഷിംഗ് ഏറ്റവും അത്യാവശ്യം വേണ്ട രീതിയിൽ മാത്രം ക്രമീകരിച്ചും **12.47** ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കാൻ പരാമർശം (2) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് നിർദ്ദേശം നല്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ₹**9,80,000/-** രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ പരാമർശം (3) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വൈക്കം ഭാഗ്യക്കുറി സബ് ഓഫീസ് പ്രവർത്തിക്കുന്നതിന് വാടകയ്ക്കെടുത്തിട്ടുള്ള കെട്ടിടത്തിൽ ഓഫീസ് ഫർണിഷിംഗ് പ്രവർത്തനങ്ങൾ നടത്തുന്നതിന് ₹**9,80,000/-** (ഒൻപത് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം)-യുടെ പ്രൊപ്പോസലിന് **2075-00-103-94-17 NV** എന്ന

ശീർഷകത്തിൽ നിന്ന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (28.05.2025 ലെ Exp.B1/37/2024-FIN [2669539] പ്രകാരം)
4. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H1/336/2023-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 09-06-2025 14:07:21
സെക്ഷൻ ഓഫീസർ